"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിങ് & ജിയോളജി- ജീവനക്കാര്യം - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിട്ടയേർഡ് ജിയോളജിസ്റ്റ് ശ്രീ. വഹാബ് എം.എം.-നെതിരേ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.688/2026/ID തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.01.2024-ലെ E6-(SC-46/2023/ALP) 40533/2019DVACB നമ്പർ റിപ്പോർട്ട്.
2. 29.03.2025-ൽ ശ്രീ.വഹാബ് എം.എം.-ന് നല്കിയ കാരണം കാണിക്കൽ നോട്ടീസ്.
3. 17.05.2025-ൽ കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.വഹാബ് എം.എം. ലഭ്യമാക്കിയ വിശദീകരണം.
4. മൈനിങ് & ജിയോളജി ഡയറക്ടറുടെ 25.02.2026-ലെ ഡിഎംജി/926/2025/ഇ1 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ നടക്കുന്ന അനധികൃത മണ്ണെടുപ്പിലും, കല്ലുവെട്ടിലും നിലം നികത്തലിലും മൈനിങ് & ജിയോളജി വകുപ്പിനെ പ്രതി ചേർത്ത് അന്വേഷണം നടത്തണമെന്ന പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 21.09.2023-ൽ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം തുടർനടപടിയ്ക്കായി ലഭ്യമാക്കിയ റിപ്പോർട്ടിലെ ശിപാർശ പ്രകാരം പരിശോധനയിൽ കണ്ടെത്തിയ അപാകതകളായ - മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക്-6-ൽ റീസർവ്വേ നമ്പർ 333/17-ൽപെട്ട സ്ഥലത്ത് ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ട് കൂട്ടിവച്ചിരിക്കുന്ന മണ്ണ് നീക്കം ചെയ്യുന്നതിനായി ശ്രീമതി ജയശ്രീ വഴുവാടി മീനത്തേതിൽ, വെട്ടിയാർ വില്ലേജ്, ആലപ്പുഴ ജില്ല എന്നയാൾ മിനറൽ ട്രാൻസിറ്റ് പാസുകൾക്കായി സമർപ്പിച്ച അപേക്ഷയിൽ ആലപ്പുഴ ജിയോളജിസ്റ്റ് 04.09.2015-ലെ 165/2015-16എംഎം/ഒ.ഇ/ഡി.ഒ.എ/1138/15 ഉത്തരവ് പ്രകാരം 630 മെട്രിക് ടൺ സാധാരണമണ്ണ് നീക്കം ചെയ്യുന്നതിനായി 126 മിനറൽ ട്രാൻസിറ്റ് പാസുകൾ അനുവദിച്ചിരുന്നുവെങ്കിലും പ്രസ്തുത പാസുകളിൽ എത്ര പാസുകൾ ഉപയോഗിച്ചുവെന്നോ എത്ര മണ്ണ് നീക്കം ചെയ്തുവെന്നോ അന്വേഷിക്കാതെ 04.01.2016-ലെ 397/2015-16/എംഎം/ഒ.ഇ/ഡി.ഒ.എ/1138/15 ഉത്തരവ് പ്രകാരം വീണ്ടും 500 മെട്രിക് ടൺ സാധാരണമണ്ണ് നീക്കം ചെയ്യുന്നതിനായി 100 മിനറൽ ട്രാൻസിറ്റ് പാസുകൾ കൂടി അനുവദിച്ചുവെന്നും എന്നാൽ പരിശോധനാ വേളയിൽ പ്രസ്തുത 90 സെന്റ് സ്ഥലത്തു നിന്നും ഏകദേശം 3050 മെട്രിക്ക് ടൺ മണ്ണ് നീക്കം ചെയ്തതായി കാണപ്പെട്ടുവെന്ന് മാത്രമല്ല പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമാണം നടത്തിയിട്ടില്ല; ശ്രീ. പ്രേംകുമാർ, കുറ്റിയിൽ വീട്, വെട്ടിയാർ

വില്ലേജ്, ആലപ്പുഴ എന്നയാൾ വെട്ടിയാർ വില്ലേജ് ബ്ലോക്ക് 6-ൽ, റിസർവ്വേ നമ്പർ 220/17 ൽ പെട്ട സബ് ഡിവിഷൻ 220/17-1-ൽപ്പെട്ട സ്ഥലത്ത് ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ട് 06.01.2016-ലെ 403/2015-16/എംഎം/ഒ.ഇ/ഡി.ഒ.എ/24/16 ഉത്തരവ് പ്രകാരം752 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുവാദം ആലപ്പുഴ ജില്ലാ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും നേടിയെടുത്ത ശേഷം ടി സർവ്വെയിൽപ്പെട്ട 220/17-1 ൽ നിന്നും 220/15-1 ൽ നിന്നും ഉൾപ്പടെ ഏകദേശം 4440 മെട്രിക്ക് ടൺ മണ്ണ് നീക്കം ചെയ്തിട്ടുള്ളതായും കാണപ്പെട്ട - എന്നിവയ്ക്ക് ഉത്തരവാദിയായ ശ്രീ. എം.എം. വഹാബ്, ജിയോളജിസ്റ്റ് (റിട്ട) നെതിരെ KSR Part III, Rule 59 (d) പ്രകാരം നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിരുന്നു.

2. വിജിലൻസ് പരിശോധനയിലെ അപാകത കണ്ടെത്തിയതിനെ തുടന്ന് വിജിലൻസ് ശുപാർശ പ്രകാരം KSR Part III, Rule 59 (d) പ്രകാരം ശ്രീ. എം.എം. വഹാബിന് കാരണം കാണിക്കൽ നോട്ടീസ് പരാമർശം (2) പ്രകാരം നല്കുകയും പരാമർശം (3) പ്രകാരം ശ്രീ. എം.എം. വഹാബ് മറുപടി നല്കുകയും ചെയ്തു. പ്രസ്തുത മറുപടി പരിശോധിച്ച വകുപ്പുതല വിജിലൻസ് കമ്മറ്റിയുടെ പരിശോധനാ റിപ്പോർട്ട് പരാമർശം(4) പ്രകാരം മൈനിങ് & ജിയോളജി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3. 2015-ൽ ട്രാൻസിറ്റ് പാസുകൾ അനുവദിച്ചിരുന്ന പെർമ്മിറ്റിന്റെ കാലാവധി പൂർത്തിയായ മുറയ്ക്ക്, സാധാരണ നടത്തുന്ന പരിശോധനകളുടെ ഭാഗമായി, അപാകതയ്ക്ക് കാരണമായ ശ്രീമതി. ജയശ്രീയുടെ സ്ഥലവും താൻ പരിശോധിച്ചിരുന്നതായും മുൻ അനുമതി പ്രകാരം പ്രസ്തുത സ്ഥലത്ത് 500 മെട്രിക് ടൺ അവശേഷിക്കുന്നതായി കണ്ടെത്തുകയും മേൽ വിവരം ഫീൽഡ് ഡയറിയിൽ രേഖപ്പെടുത്തുകയും 06.01.2016-ൽ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി പുതുക്കണമെന്ന അപേക്ഷയിൽ നേരിൽകണ്ട് ബോധ്യപ്പെട്ട 500 മെട്രിക് ടൺ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ട്രാൻസിറ്റ് പാസുകൾ അനുവദിച്ച നൽകുകയായിരുന്നുവെന്നും മുൻപ് നൽകിയ അനുമതി പുതുക്കുകയായിരുന്നുവെങ്കിൽ കൂടി സർക്കാരിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടാകാതിരിക്കുവാൻ വേണ്ടി പുതക്കി നൽകിയ അളവിന് റോയൽറ്റി ഈടാക്കിയിരുന്നുവെന്നും പ്രസ്തുത ഉത്തരവിന് 07.01.2016 മുതൽ 20.01.2026 വരെയാണ് കാലവധി ഉണ്ടായിരുന്നതെന്നും സ്ഥലംമാറ്റം ലഭിച്ചതിനെതുടർന്ന് 11.01.2016-ന് തന്നെ ആലപ്പുഴ ജില്ലാ ഓഫീസിലെ ചുമതലകളിൽനിന്നും വിടുതൽ ചെയ്തിരുന്നുവെന്നും 09.06.2016-ലാണ് അസിസ്റ്റന്റ് ജിയോളജിസ്റ്റും മിനറൽ റവന്യൂ ഇൻസ്പെക്ടറും സംയുക്തമായി നടത്തിയ പരിശോധനയിലാണ് അനധികൃത ഖനനം കണ്ടെത്തുകയും സ്ഥലമുടമയ്ക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതും എന്നതിൽനിന്നും വിഷയത്തിൽ മൈനിങ്ങ് & ജിയോളജി വകുപ്പ് നിയമ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്ന് കാണാവുന്നതാണെന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകി ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിസ്ഥാന നിർമ്മാണമെങ്കിലും പൂർത്തിയാക്കണമെന്ന വ്യവസ്ഥ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് മുൻപാണ് ശ്രീമതി.ജയശ്രീയ്ക്ക് താൻ പെർമ്മിറ്റ് നൽകിയിരുന്നത് എന്നതിനാലും വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ നിലനിൽക്കുന്നതല്ല എന്നും ശ്രീ. പ്രേം കുമാറിന്റെ വസ്തുവിൽനിന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിനായി 06.01.2016-ൽ അനുവദിച്ചിരുന്ന പെർമ്മിറ്റിന്റെ കാലാവധി 11.01.2016 മുതൽ 30.01.2016 വരെ ആയിരുന്നുവെന്നും 11.01.2016-ൽ തന്നെ ചുമതലകളിൽനിന്നും വിടുതൽ ചെയ്ത സാഹചര്യത്തിൽ പ്രസ്തുത വിജിലൻസ് കണ്ടെത്തലും നിലനിൽക്കുകയില്ലായെന്ന് ശ്രീ.എം.എം.വഹാബ് മറുപടി നൽകിയിട്ടുണ്ട്.

4. കാരണം കാണിക്കൽ നോട്ടീസിൽ, ശ്രീ. എം. എം. വഹാബ് സമർപ്പിച്ചിട്ടുള്ള വിശദീകരണം, ടിയാൻ ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ, ആദ്യം അനുവാദം നൽകിയ 630 മെട്രിക് ടൺ പെർമിറ്റിന്റെ കാലാവധിക്ക് ശേഷം, സ്ഥലപരിശോധനയിലൂടെ ആണ് 500 മെട്രിക് ടൺ മണ്ണ് ശേഷിക്കുന്നതായി കണ്ടെത്തുകയും ആയതിനു റോയൽറ്റി ഈടാക്കി പെർമ്മിറ്റ് പുതുക്കി നൽകി എന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും സ്ഥലപരിശോധന സാധൂകരിക്കുന്നതിനു രേഖകൾ ഹാജരാക്കിയതായി കാണുന്നില്ലായെന്നും പുതുക്കിയ പെർമിറ്റ് സാധുവായിരുന്ന കാലയളവിൽ കുറ്റാരോപിതന് സ്ഥലം മാറ്റം ഉണ്ടായിട്ടുണ്ടെന്നും മേൽപ്പടി സ്ഥലത്ത് ജില്ലാ ഓഫീസിൽ നിന്നും 09.06.2016-ൽ നടത്തിയ പരിശോധനയിൽ റോയൽറ്റി ഒടുക്കാതെ നീക്കം ചെയ്തതായി കണ്ടെത്തിയ മണ്ണിന്റെ അളവ് 428 മെട്രിക് ടൺ ആയിരുന്നുവെന്നും ആയതിനുള്ള പെനാൽറ്റിയായ 25,680/-രൂപ, സ്ഥലമുടമ 09.01.2017-ൽ ഒടുക്കിയിട്ടുണ്ടെന്നും കെട്ടിട നിർമാണത്തിന്റെ ഭാഗമായി മണ്ണ് നീക്കുന്നതിന് അനുമതി ലഭ്യമായി ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമാണം എങ്കിലും പൂർത്തിയാക്കണമെന്ന വ്യവസ്ഥ 22.06.2017-ലെ വിജ്ഞാപനത്തിലൂടെ ആണ് സർക്കാർ ഉത്തരവായത് എന്നിരിക്കെ, ഇതിനു മുൻപ് നൽകിയ അനുമതി പ്രകാരം കെട്ടിട നിർമാണം നടത്തിയിട്ടില്ല എന്ന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ആരോപണം ചട്ടപ്രകാരം ശരിയല്ലാത്തതായി കാണുന്നതായും ശ്രീ. പ്രേംകുമാർ-ന് 752 മെട്രിക് ടൺ മണ്ണ് നീക്കുന്നതിന് അനുമതി നൽകിയ സ്ഥലത്തുനിന്ന്, 4440 മെട്രിക് ടൺ മണ്ണ് മാറ്റിയതായ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ രണ്ടാമത്തെ കണ്ടെത്തൽ സംബന്ധിച്ച്, മണ്ണ് മാറ്റുന്നതിന് അനുമതി നൽകിയത് 06-01-2016-ൽ ആണെന്നും ടി അനുമതിക്ക് 30-01-2016 വരെ കാലാവധി ഉണ്ടായിരുന്നുവെന്നും 11-01-2016-ൽ ആരോപണവിധേയനായ ജിയോളജിസ്റ്റ് സ്ഥലം മാറി പോവുകയുണ്ടായി എന്നതിനാൽ കുറ്റാരോപിതനായ ജിയോളജിസ്റ്റിന് ചുമതലയുള്ള കാലയളവിലാണ് അനധികൃത ഖനനം നടന്നിട്ടുള്ളത് എന്ന് സ്ഥാപിക്കുവാൻ കഴിയുകയില്ല എന്നും മേൽപ്പടി സ്ഥലത്ത് ജില്ലാ ഓഫീസിൽ നിന്നും 04.06.2016-ൽ നടത്തിയ പരിശോധനയിൽ, അനുമതി നീക്കം ചെയ്തതായി നൽകിയതിൽ നിന്നും കൂടുതലായി 2500 mt കണ്ടെത്തുകയും, 07.03.2017-ൽ ആയതിനു 1,50,000/- രൂപ പെനാൽറ്റി ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും 2015-ലെ ചട്ടങ്ങൾ നിലവിൽ വരുമ്പോൾ, 300 ചതുരശ്ര മീറ്റർ വരെ പ്ലിന്ത് ഏരിയ വരുന്ന കെട്ടിടങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട് സാധാരണ മണ്ണ് നീക്കം ചെയ്യേണ്ടുന്ന സംഗതികളിൽ അപേക്ഷകൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കി ആയതുമാത്രം അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകുമായിരുന്നു എന്നും മറ്റൊരു രേഖകളും ആവശ്യമില്ലാതെയിരുന്ന വളരെ ലളിതമായിട്ടുള്ള നിയമവ്യവസ്ഥയിൽ, നീക്കം ചെയ്യേണ്ടുന്ന മണ്ണിന്റെ അളവ് സ്ഥലപരിശോധനയിലൂടെ കണക്കാക്കുന്നതും ജിയോളജിസ്റ്റായിരുന്നുവെന്നതിനാൽ അത്തരമൊരു സാഹചര്യത്തിൽ അനുമതി പുതുക്കി നൽകുന്ന സമയത്ത് സ്ഥലപരിശോധന സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ ഫയലിൽ ഉണ്ടാകേണ്ടതായിരുന്നു എങ്കിലും കുറ്റാരോപിതനായ ശ്രീ.വഹാബ് നൽകിയ പെർമിഷനുകൾക്ക് സാധുത ഉണ്ടായിരുന്ന സമയത്ത് ടിയാൻ സ്ഥലം മാറി പോയ സാഹചര്യത്തിലും, ടി സ്ഥലത്ത് പിന്നീട് വകുപ്പിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റും മിനറൽ റവന്യൂ ഇൻസ്പെക്ടറും നേരിട്ട് സ്ഥലപരിശോധന നടത്തി, അനുവദനീയമായ അളവിൽ കൂടുതൽ നീക്കം ചെയ്ത ധാതുവിന്റെ അളവ് തിട്ടപ്പെടുത്തി സർക്കാരിലേക്ക് കുടിശ്ശിക ആയിട്ടുണ്ടായിരുന്ന തുക ഈടാക്കിയിട്ടുള്ളതിനാൽ സർക്കാരിന് യാതൊരു വിധത്തിലുമുള്ള സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലാത്തതിനാലും ശ്രീ.വഹാബിന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്നു ഇന്റേണൽ വിജിലൻസ് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം

(4) പ്രകാരം അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപിതനായ ശ്രീ. വഹാബ് നൽകിയ പെർമിഷനുകൾക്ക് സാധുത ഉണ്ടായിരുന്ന സമയത്ത് ടിയാൾ സ്ഥലം മാറി പോയതായും, ടി സ്ഥലത്ത് പിന്നീട് വകുപ്പിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റും മിനറൽ റവന്യൂ ഇൻസ്പെക്ടറും നേരിട്ട് സ്ഥലപരിശോധന നടത്തി, അനുവദനീയമായ അളവിൽ കൂടുതൽ നീക്കം ചെയ്ത ധാതുവിന്റെ അളവ് തിട്ടപ്പെടുത്തി സർക്കാരിലേക്ക് കുടിശ്ശിക ആയിട്ടുണ്ടായിരുന്ന തുക ഈടാക്കിയിട്ടുള്ളതിനാൽ സർക്കാരിന് യാതൊരു വിധത്തിലുമുള്ള സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല എന്നുമുള്ള വകുപ്പുതല വിജിലൻസ് കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ച്, ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലെ അനധികൃത മണ്ണെടുപ്പ്, കല്ലുവെട്ട്, നിലം നികത്തല് സംബന്ധിച്ച SC-46/2023/ALP അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പ്രകാരം ശ്രീ വഹാബ്, ജിയോളജിസ്റ്റ്(റിട്ട.) നെതിരേ കെ.എസ്.ആർ പാർട്ട് III, റൂൾ 59 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

ഡയറക്ടർ, മൈനിങ് & ജിയോളജി, തിരുവനന്തപുരം

ശ്രീ. വഹാബ് എം. എം. (മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ മുഖേനെ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

വിജിലൻസ്(ബി) വകുപ്പ്(VIG-B1/21/2024-VIG തീയതി 29.04.2026 പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 03-07-2026 12:00:26